(4) പ്രതിപക്ഷാംഗങ്ങളുടെ പ്രസംഗം തടസ്സപ്പെടുത്തുന്നത് സംബന്ധിച്ച്

2016 ഒക്ടോബർ 19-ാം തീയതി അടിയന്തരപ്രമേയ അവതരണത്തിനുമുമ്പ് ഭരണകക്ഷി അംഗങ്ങളിൽപ്പെട്ട ചിലർ പ്രതിപക്ഷ അംഗത്തിന്റെ പ്രസംഗം തടസ്സപ്പെടുത്തുന്നുവെന്നും പ്രസംഗമദ്ധ്യേ റണ്ണിംഗ് കമന്ററി നടത്തുന്നത് ശരിയല്ലെന്നും ബഹുമാനപ്പെട്ട സ്പീക്കർ അവരെ നിയന്ത്രിക്കണമെന്നും പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടു.

പതിമൂന്നാം കേരള നിയമസഭാ കാലത്ത് സഭയിലുണ്ടായ നിർഭാഗ്യകരമായ സ്ഥിതിയിലേയ്ക്ക് പോകരുതെന്നുള്ള നിലയിൽ വളരെ സഹകരണത്തോടെയാണ് പ്രതിപക്ഷം പ്രവർത്തിക്കുന്നതെന്നും സഭ നല്ല നിലവാരത്തിൽ കൊണ്ടുപോകാൻ എല്ലാവരും സഹകരിക്കണമെന്നും നിയമസഭയുടെ നിലവാരം കുറയ്ക്കുന്ന സ്ഥിതിയിലേയ്ക്ക് പോകുന്നത് ശരിയല്ലെന്നും അതിന് പുതിയ അംഗങ്ങൾക്ക് ആവശ്യമായ നിർദ്ദേശം നൽകണമെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് പ്രതിപക്ഷത്തെ മറ്റൊരംഗവും ആവശ്യപ്പെട്ടു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

"അനാവശ്യ ശബ്ദം ഉണ്ടാക്കുന്ന ആർക്കും ചെയർ ഉച്ചഭാഷിണി അനുവദിക്കാറില്ല. സ്വാഭാവികമായി സഭയിൽ രണ്ട് ഭാഗത്തുനിന്നും അഭിപ്രായങ്ങൾ ഉയർന്നുവരും. അത് സഭാമര്യാദയും നടപടിക്രമങ്ങളും പാലിച്ച് നിശബ്ദരായിരുന്ന്

---

* XIV KLA/II Session Vol.163 Report No. 11 dated 19-10-2016

കേൾക്കുന്നതാണ് മര്യാദയെന്ന് ചെയർ റൂൾ ചെയ്യുന്നു"